Janayugom
11.11.17

# ജൈവ കാർഷിക മേഖല വികസിപ്പിക്കും: മന്ത്രി വി എസ് സുനിൽ കുമാർ

തിരുവനന്തപുരം: കേരളത്തിൽ ജൈവ കാർഷിക മേഖലയിൽ ഔദ്യോഗികമായി വികസന പ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽ കുമാർ പറഞ്ഞു. നവംബർ 11 വരെ ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡയിലുള്ള ഇന്ത്യ എക്സ്പോ സെന്ററിൽ വച്ച് നടക്കുന്ന ലോക ജൈവ കോൺഗ്രസ്സിലെ കേരള പവലിയൻ ഉദ്ഘാടന ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. കാർഷിക മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ജൈവ കൃഷി നടത്തിപ്പിന് അനുകൂലമായ രീതിയിൽ വളർത്തിയെടുക്കുമെന്നും വിവിധ വകുപ്പുകളുടെയും ഗവേഷണ കേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങൾ ഇതിനായി ഏകോപിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. ജൈവ കൃഷി വ്യാപനത്തിനായി പ്രാരംഭ പ്രവർത്തനങ്ങൾ എന്ന നിലയിൽ പ്രത്യേക കാർഷിക മേഖലകൾ, മില്ലറ്റ് വില്ലേജ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കേരളം ഒരു പാർട്ണർ സ്റ്റേറ്റ് ആയാണ് പങ്കെടുക്കുന്നതെന്നും മന്ത്രി പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ കൃഷി മന്ത്രിയോടൊപ്പം ഐഫോം ഡയറക്ടർ ക്ലോഡ് അൽവാരിസ്, കാർഷികോത്പാദന കമ്മീഷണർ ടീക്കാറാം മീണ ഐഎഎസ്, കൃഷി ഡയറക്ടർ എ എം സുനിൽ കുമാർ മറ്റു ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.




**ലോക ജൈവ കോൺഗ്രസ്സിലെ കേരള പവലിയൻ മന്ത്രി അഡ്വ. വി എസ് സുനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു**

മൂന്ന് വർഷത്തിലൊരിക്കൽ വിവിധ രാജ്യങ്ങളിലായി നടത്തുന്ന ഈ സംരംഭം ആദ്യമായാണ് ഇന്ത്യയിലെത്തുന്നത്. ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രിക്കൾച്ചർ മൂവ്മെന്റിന്റെയും ഓർഗാനിക് ഫാമിംഗ് അസോസിയേഷൻ ഓഫ് ഇൻഡ്യയുടെയും ആഭിമുഖ്യത്തിലാണ് കോൺഗ്രസ്സ് സംഘടിപ്പിക്കുന്നത് നൂറ്റിപ്പത്ത് രാജ്യങ്ങളിലെ ജൈവകർഷകരും കാർഷികശാസ്ത്രജ്ഞരും നയവിദഗ്ധരും ഗവേഷണ സ്ഥാപനങ്ങളും ഗവമെന്റ് പ്രതിനിധികളും പങ്കെടുക്കുന്നുണ്ട്.

മേളയിൽ സിക്കിം, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് തുടങ്ങി പല സംസ്ഥാനങ്ങളും പവലിയനുകൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ആഫ്രിക്ക, തെക്കേഅമേരിക്ക എന്നിവിടങ്ങളിൽ നിന്നും പലരാജ്യങ്ങളും കൺട്രി പവലിയൻ സജ്ജമാക്കിയിട്ടുണ്ട്. കേരളത്തിനുവേണ്ടി സംസ്ഥാന കൃഷിവകുപ്പ്, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, വിഎഫ്പിസികെ, എസ് എഫ് എ സി, സി റ്റി സി ആർ ഐ, സമേതി, കാർഷിക സർവ്വകലാശാല എിവർ ചേർന്നാണ് പവലിയൻ ഒരുക്കിയിരിക്കുന്നത്. കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിൽ നിന്ന് കേരള ജൈവകർഷക സമിതിയുടെ ഇരുപത്തിയഞ്ച് ജൈവ കർഷകർ പങ്കെടുക്കുന്നുണ്ട്. കൂടാതെ തണൽ, സേവ് ഔവർ റയ്സ് ക്യാമ്പയിൻ പ്രവർത്തകരും പ്രാദേശിക കൂട്ടായ്മകളുടെ പ്രതിനിധികളും പങ്കെടുക്കുന്നുണ്ട്. വി അശോക് കുമാർ എഴുതിയ രോഗം വിതറുന്ന രാസവളം എന്ന പുസ്തകം സമ്മേളനത്തിൽ വച്ച് കൃഷി മന്ത്രി പ്രകാശനം ചെയ്തു.

## ഹരിതാഭമായ ഹരിതവിപ്ലവം നമ്മുടെ ആവശ്യം

തിരുവനന്തപുരം: രാസവളങ്ങളും കീടനാശിനികളും കൊണ്ടുള്ള ഹരിതവിപ്ലവമല്ല, മറിച്ച് ജൈവിക സമ്പത്ത് നിലനിർത്തിക്കൊണ്ട് പ്രകൃതിയെ കൂടുതൽ ഹരിതാഭമാക്കുവാനുള്ള കാർഷിക വിപ്ലവമാണ് നമുക്ക് ആവശ്യമെന്ന് കൃഷിമന്ത്രി വി എസ് സുനിൽകുമാർ പറഞ്ഞു. ഗ്രേറ്റർ നോയിഡയിൽ നടക്കുന്ന ലോക ജൈവ കോൺഗ്രസ്സിന്റെ രണ്ടാം ദിവസം പ്ലീനറി സെക്ഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രത്യേക കാർഷിക മേഖല സോണുകൾ, എക്കോഷോപ്പുകൾ, കേരളാ ഓർഗാനിക് ബ്രാൻഡിലുള്ള ഉത്പന്നങ്ങൾ തുടങ്ങി പല ചുവടുവയ്പുകൾ സംസ്ഥാനത്ത് നടത്തിയിട്ടുള്ളതായി മന്ത്രി പറഞ്ഞു. മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ലോക ജൈവ കോൺഗ്രസ്സ് നവംബർ 9 മുതൽ 11 വരെയാണ്.

ഏകദേശം 100 ലധികം രാജ്യങ്ങളിൽ നിന്നും ജൈവകർഷകരും കാർഷിക വിദഗ്ധരും കോൺഗ്രസ്സിൽ പങ്കെടുക്കുന്നുണ്ട്. ജൈവകൃഷി സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് 150- ലധികം പഠന പ്രബന്ധങ്ങളും വരും ദിവസങ്ങളിലായി അവതരിപ്പിക്കുന്നുണ്ട്. നാടൻ വിത്തുകളുടെ പ്രദർശനം, കർഷകരുടെ കലാവിരുന്ന്, ജൈവ ഉത്പന്നങ്ങളുടെ പ്രദർശനം, ചെറുധാന്യങ്ങൾ കൊണ്ടുള്ള ഭക്ഷണം എന്നിവ മേളയുടെ പ്രത്യേകതകളാണ്. കോൺഗ്രസ്സിൽ കേരളത്തിൽ നിന്നുള്ള 11 ജൈവകർഷകരുടെ പ്രസന്റേഷനും ഉണ്ടായിരുന്നു. സംസ്ഥാനത്തിന്റെ ജൈവകാർഷിക നയത്തിന് ശക്തിപകരുന്ന രീതിയിലുള്ള വ്യാപാര ബന്ധങ്ങൾകൂടി സ്ഥാപിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിവകുപ്പ് ജൈവകോൺഗ്രസ്സിൽ പങ്കാളിയായിരിക്കുന്നത്.